തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരുകയും ഇത് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്യുന്നു. അതുകൊണ്ട് സമയ ബന്ധിതമായി പണം കൊടുക്കാനും സ്പിൽ ഓവർ വർക്കുകൾ പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, സമയോചിതമായി പണം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അത് സമയോചിതമായിത്തന്നെ ചെലവാക്കുകയും ചെയ്യണം. കൊടുക്കുന്ന പണത്തിനുള്ള പ്രോജക്ടുകൾ ഉണ്ടാക്കി സമയാസമയങ്ങളിൽ ചെയ്യണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റിൽ അനുവദിക്കുന്ന തുക അതാതു വർഷം തന്നെ ചെലവാക്കിയില്ലെങ്കിൽ സ്വീകരിക്കുന്ന നിയമപരമായിട്ടുള്ള നടപടി തന്നെയാണ് ലോക്കൽ ബോഡീസിനും സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വർക്കല കഹാർ: സർ, ഈ പദ്ധതി പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക ചെലവാക്കാതിരിക്കുകയോ വകമാറ്റിച്ചെലവാക്കുകയോ ചെയ്യുന്ന നിരവധി സ്ഥാപനങ്ങളുണ്ട്. അവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ചെലവാക്കാതിരിക്കുകയാണെങ്കിൽ ആ നിലയ്ക്കുള്ള നടപടി സ്വീകരിക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ

*3 [207] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ ഇപ്പോൾ എത്ര ക്ഷേത്രങ്ങളുണ്ട്;

(ബി) സ്വകാര്യ വ്യക്തികളുടെയോ കുടുംബങ്ങളുടേയോ ക്ഷേത്രങ്ങൾ ഇപ്പോൾ ദേവസ്വം ബോർഡ് ഏറ്റെടുക്കാറുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ ഏറ്റെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

ഭക്ഷ്യവും, സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) 1207 ക്ഷേത്രങ്ങൾ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിട്യൂഷൻസ് ആക്ടിലെ സെക്ഷൻ 37-ലും 38-ലും അനുശാസിക്കുന്ന പ്രകാരമാണ് ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നത്. ക്ഷേത്ര ഭരണാധികാരികളുടെ ആവശ്യപ്രകാരമോ, ക്ഷേത്ര ഭരണത്തിൽ വ്യാപകമായ ക്രമക്കേടുണ്ടെന്ന് പരാതി ലഭിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിലാണ് ഏറ്റെടുക്കൽ നടപടി സ്വീകരിക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ, നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിരിക്കണമെന്നുള്ള ഹൈപ്പർ കമ്മീഷന്റെ ശുപാർശയും, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായവും അനുസരിച്ച്, ആവശ്യമായ നടപടികൾ സ്വീകരിച്ച് സ്വകാര്യക്ഷേത്രങ്ങൾ ദേവസ്വം ബോർഡ് ഏറ്റെടുത്തുവരുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ക്ഷേത്രഭരണത്തിൽ ധാരാളം ക്രമക്കേടുകൾ നടക്കുന്നുയെന്നുള്ള പരാതി ലഭിക്കുന്ന സന്ദർഭങ്ങളിൽ ഈ ഭരണസമിതികൾ ഏറ്റെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കാറുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇന്നുവരെ നടപടിക്രമങ്ങൾ തെറ്റിയതിന്റെ പേരിൽ എത്ര ക്ഷേത്രങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകരിച്ചപ്പോഴുണ്ടായിരുന്ന ക്ഷേത്രങ്ങൾക്കു പുറമേ എട്ട് സ്വകാര്യക്ഷേത്രങ്ങൾ കൂടി ഇതുവരെ ഏറ്റെടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ രണ്ട് അംഗങ്ങളെ ഒഴിവാക്കിയതുമൂലം അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പ്രയാസമനുഭവിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിനും കൊച്ചിൻ ദേവസ്വം ബോർഡിനും ചെയർമാൻമാർ മാത്രമേയുള്ളൂ. ഹിന്ദു മന്ത്രിമാരുടെ പ്രതിനിധികളേയും, ഹിന്ദു നിയമസഭാംഗങ്ങളുടെ പ്രതിനിധിയെയും തെരഞ്ഞെടുക്കുന്നതിന് റിട്ടേണിംഗ് ഓഫീസറെ ഗവർണ്ണർ നിയമിച്ചുകഴിഞ്ഞു.

ശ്രീ. എം. വി. ജയരാജൻ: സർ, തിരുവിതാംകൂർ മേഖലയിലെ ക്ഷേത്രങ്ങളെപ്പോലെ തന്നെ വടക്കൻ കേരളത്തിൽ ഒരുപാട് ക്ഷേത്രങ്ങളും ധാരാളം ജീവനക്കാരുമുണ്ട്. ആ ക്ഷേത്രങ്ങളേയും അതിലെ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമനിർമ്മാണത്തിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, മലബാറിലെ ക്ഷേത്രങ്ങൾക്കുവേണ്ടി ഒരു ദേവസ്വം ബോർഡ് രൂപീകരിക്കാനുള്ള ബിൽ ഇപ്പോൾ നിയമസഭയുടെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly